LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടി ആശുപത്രിയിൽ 2013-14 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ക്രിട്ടിക്കൽ കെയർ വാർഡ് ആരംഭിക്കുന്നതിന് 148 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ എൻ. ആർ. എച്ച്. എം. മുഖേന ട്രോമാകെയർ & കാഷ്വാലിറ്റി യൂണിറ്റിനുവേണ്ടി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ടു പദ്ധതികളുടെയും നിർമ്മാണപ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

(ബി) കൊല്ലം ജില്ലാശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഏഴുനില കെട്ടിടത്തിന്റെ ഒന്നാം നിലയിൽ സർജിക്കൽ വാർഡ് നിർമ്മിക്കുന്നതിന് 2015-16-ലെ ആരോഗ്യവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 55,37,494 രൂപ (അമ്പത്തഞ്ച് ലക്ഷത്തി മുപ്പത്തേഴായിരത്തി നാനൂറ്റി തൊണ്ണൂറ്റിനാല് രൂപ) നീക്കിവച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി വാങ്ങിയ ആംബുലൻസുകൾ

2 (2210) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി ആകെ എത്ര ആംബുലൻസുകൾ വാങ്ങുകയുണ്ടായി ;

(ബി) ആകെ എത്ര അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങുകയുണ്ടായി ;

(സി) ആകെ എത്രബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങുകയുണ്ടായി ;

(ഡി) മത്സരാധിഷ്ഠിത ടെണ്ടറുകൾ മുഖേനയാണോ വാങ്ങിയതെന്നു വ്യക്തമാക്കുമോ ;

(ഇ) എത്രകമ്പനികൾ ടെണ്ടർ സമർപ്പിച്ചുവെന്നും ഏതെല്ലാം കമ്പനികളാ യിരുന്നുവെന്നും വ്യക്തമാക്കുമോ ;

(എഫ്) ഏതു കമ്പനിയുടെ ടെണ്ടറാണ് അംഗീകരിച്ചതെന്നും ഓരോ ആബുലൻസിനും എത്ര യുക വീതമാണ് വില നൽകിയതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011 മേയ് മാസത്തിനുശേഷം കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി ഒരു ആംബുലൻസും വാങ്ങിയിട്ടില്ല.

(ബി) 2009-ൽ എമർജൻസി മെഡിക്കൽ പ്രോജക്ടിനുവേണ്ടി ആകെ 50 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങിയിട്ടുണ്ട്.

(സി) ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങിയിട്ടില്ല.

(ഡി&ഇ) മേൽ പരാമർശിച്ച 50 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ സംസ്ഥാന ആരോഗ്യവകുപ്പ് സ്പെഷ്യൽ ഗവൺമെന്റ് റേറ്റിലാണ് വാങ്ങിയത്. പുതിയ ആംബുലൻസുകൾ വാങ്ങി ജീവൻരക്ഷാ ഉപകരണങ്ങൾ ഘടിപ്പിച്ച് പ്രവർത്തിപ്പിക്കാനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. ഇതിനായി ജി.വി.കെ. ഇ.എം.ആർ.ഐ, ഫാൽക്ക് ഇന്ത്യാ ലിമിറ്റഡ് എന്നീ കമ്പനികൾ ടെൻഡർ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ഒരു കമ്പനിയടേയും ടെൻഡർ അംഗീകരിച്ചിട്ടില്ല. ഏറ്റവും കുറഞ്ഞ തുക സമർപ്പിച്ച ജി.വി.കെ. ഇ.എം.ആർ.ഐ. വാഹനങ്ങൾ പ്രവർത്തിപ്പിക്കുവാനായി സമർപ്പിച്ച നിരക്കുകൾ കൂടുതലാണെന്ന് സെക്രട്ടറീസ് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാൽ ഈ കമ്മിറ്റി വാഹനങ്ങൾ പ്രതിമാസം പ്രവർത്തിപ്പിക്കാനുള്ള നിരക്കുകൾ നിശ്ചയിക്കുകയും, അതിൻപ്രകാരം അവരോട് വാഹനങ്ങൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ, ചർച്ചകൾക്ക് ശേഷം പ്രസ്തുത കമ്പനി പുതിയ നിരക്കുകൾ സമർപ്പിക്കുകയുണ്ടായി. ജി.വി.കെ. ഇ.എം.ആർ.ഐ-.യും ഫാൽക്ക് ഇന്ത്യാ ലിമിറ്റഡും വാഹനങ്ങൾ വാങ്ങുവാനായി സമർപ്പിച്ച നിരക്കുകളും പ്രതിമാസം പ്രവർത്തിപ്പിക്കാനുള്ള നിരക്കുകളും ചുവടെ ചേർക്കുന്നു :

വാഹനങ്ങളുടെ വില നിലവാരം

FirmPTA	(Rate/Vehicle/Unit)		BLS(Rate/Vehicle/Unit
Falck	5,34,706,46 (TATA Sumo)	6,90,000 (TATA Sumo 4X4)	6,81,705(Force Traveller 3050)
GVK	4,80,025 (Bolero 2WD NAC BS III)	6,90,000 (TATA Sumo 4X4)	9,41,555(Force Traveller 3350)

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചുവർഷത്തേയ്ക്ക് പ്രവർത്തിക്കാൻ സമർപ്പിച്ച് നിരക്കുകൾ

Year	Flack		GVK	
	BLS	PTA	BLS	PTA
1st	1,76,415	1,02,200	1,30,634	58,844
2nd	1,76,046	1,06,921	1,38,387	62,757
3rd	1,76,046	1,06,921	1,47,837	62,757
4th	1,76,046	1,06,921	1,58,907	66,717
5th	1,76,046	1,06,921	1,71,507	71,667

സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി

3 (T2211) ശ്രീ. പി. തിലോത്തമൻ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. കെ. അജിത് :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എത്ര തുകയാണ് വകയിരുത്താനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രകാരം എല്ലാവർക്കും സ്മാർട്ട് ഹെൽത്ത് കാർഡ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത കാർഡ്കൊണ്ടുള്ള പ്രയോജനങ്ങൾ വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ട്രസ്റ്റിന്റെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിലേക്കുള്ള നിക്ഷേപം എങ്ങനെയാണ് കണ്ടെത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly